**പതിമൂന്നാം കേരള നിയമസഭ**
**പതിനഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2185. 07.12.2015 ൽ മറുപടിയ്ക്ക്.**

**നെടുമങ്ങാട് പ്രദേശത്തെ ഗതാഗത പ്രശ്നം**

| | ചോദ്യം<br>ശ്രീ. എസ്. ശർമ്മ | | ഉത്തരം<br>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി) |
|---|---|---|---|
| (എ) | നായരമ്പലം നെടുങ്ങാട് പ്രദേശത്തെ ഗതാഗതപ്രശ്നം പരിഹരിക്കുന്നതു സംബന്ധിച്ച് മോട്ടോർ വാഹന വകുപ്പ് റോഡ് ഓഡിറ്റിങ്ങ് നടത്തിയിരുന്നുവോ യെന്ന് വ്യക്തമാക്കുമോ; റിപ്പോർട്ടിന്റെ വിശദാംശം ലഭ്യമാക്കുമോ; സ്വീകരിച്ച തുടർ നടപടി വിശദീകരിക്കാമോ ; | (എ) | നടത്തിയിരുന്നു. താഴെപ്പറയു-ന്നവയാണ് റോഡ് ഓഡിറ്റിങ്ങിന്റെ ഫലമായി ഉയർന്നു വന്ന പൊതു നിർദ്ദേശങ്ങൾ:<br>1. ഏറ്റവും അധികം അപകടങ്ങൾ സംഭവിച്ചിട്ടുള്ളത് കാൽനടക്കാർക്കായതിനാൽ വൈപ്പിൻ മുതൽ മുനമ്പം വരെയും ഫുട്ട്പാത്ത് നിർമ്മിയ്ക്കുകയും അത് കാൽ നടക്കാർക്ക് മുറിച്ചു കടക്കാൻ പ്രത്യേകം അടയാളപ്പെടുത്തുന്ന സ്ഥലങ്ങൾ ഒഴികെ മറ്റെല്ലാ സ്ഥലത്തും വേലികെട്ടി തിരിയ്ക്കുകയും ചെയ്യുക<br>2. എല്ലാ ജംഗ്ഷനുകളും ശാസ്ത്രീയ മായി പുന:ക്രമീകരിയ്ക്കുക<br>3. ജംഗ്ഷനുകളിൽ ഹൈമാസ്റ്റ് ലൈറ്റ് സംവിധാനമൊരുക്കുക<br>4. സർവൈലൻസ് ക്യാമറാകൾ സ്ഥാപിച്ച് ഞാറയ്ക്കൽ പോലീസ് സ്റ്റേഷനിൽ നിയന്ത്രണ സംവിധാന-മേർപ്പെടുത്തുക |

| | | | |
|---|---|---|---|
| | | | 5. സിഗ്നൽ സംവിധാനങ്ങളിൽ ക്യാമറകൾ സ്ഥാപിയ്ക്കുക.<br>6. റോഡിൽ ആവശ്യമായ നിയന്ത്രണ രേഖകൾ അടയാളപ്പെടുത്തുക<br>7. ട്രാഫിക് സൈൻ ബോർഡുകൾ സ്ഥാപിയ്ക്കുക<br>8. പ്രധാന നിരത്തിലേയ്ക്ക് പ്രവേശിയ്ക്കുന്ന ചെറിയ റോഡുകളിലെ വേഗത നിയന്ത്രിയ്ക്കുന്നതിന് റമ്പിൾ സ്ട്രിപ്പുകൾ നിർമ്മിയ്ക്കുക<br>9. ബസ് ബേകൾ നിർമ്മിയ്ക്കുക<br>10. ബസ് ഷെൽട്ടറുകൾ ആധുനിക രീതിയിൽ നിർമ്മിയ്ക്കുക<br><br>ഈ പൊതുവായ നിർദ്ദേശങ്ങൾ - റോഡ് ഓഡിറ്റ് റിപ്പോർട്ട് കേരള റോഡ് സുരക്ഷാ അതോറിറ്റിയുടെയും പൊതുമരാമത്ത് വകുപ്പിന്റെയും പരിഗണനയ്ക്കും തുടർ നടപടികൾക്കുമായി സമർപ്പിച്ചിരിക്ക -കയാണ്. |

(ഒപ്പ്)

സെക്ഷൻ ഓഫീസർ.